പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4418

17/12/2014-ൽ
മറുപടിയ്ക്ക്

**ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാനും കയ്യേറിയവ തിരിച്ചുപിടിക്കാനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും 15/10/2008 മുതൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയ്യേറ്റ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് 20/07/2006 മുതൽ ലാൻറ് സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.<br>ഗുരുവായൂർ ദേവസ്വം അധീനതയിലുള്ള ഭൂമികളുടെ സംരക്ഷണം നടത്തുന്നതിന് ദേവസ്വം തഹസിൽദാർ, സർവ്വെയർ, ഹെൽത്ത് സൂപ്പർ വൈസർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്ക്വാഡ് അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്ഥലങ്ങൾ നിരന്തരം പരിശോധിച്ച് കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തി അതിർത്തി സംരക്ഷിച്ചുവരുന്നുണ്ട്.<br>കൊച്ചിൻ ദേവസ്വം വക ഭൂമികൾ അളന്നു തിട്ടപ്പെടുത്തി തനതു കൈവശ ഭൂമികൾ എത്രയെന്ന് കണ്ടെത്തുന്നതിനും കയ്യേറ്റമുള്ളവ ഒഴിപ്പിച്ചെടുക്കുന്നതിനുമായി സർക്കാരിൽ നിന്നും അനുവദിച്ചു ലഭിച്ചിട്ടുള്ള തഹസിൽദാർ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി ഭൂമികൾ അളന്നു തിട്ടപ്പെടുത്തിവരുന്നു.<br>മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തി ലെത്തിയതിനുശേഷം തിരിച്ചുപിടിക്കാൻ കഴിഞ്ഞ ഭൂമി എത്രയെന്ന് അറിയി ക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2014 നവംബർ വരെ 28.48 ഏക്കർ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച ഏറ്റെടുത്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വത്തിൽ 8 ഏക്കർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതു പ്രകാരം ഇക്കാര്യത്തിൽ വിവിധ കോടതികളിലും ട്രൈബ്യൂണലുകളിലും വ്യവഹാരങ്ങൾ നടന്നു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഭൂമി തിരിച്ചുപിടിക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ ഇരിങ്ങാലക്കുട വില്ലേജ് സർവെ 164/1 ൽ 1 ഏക്കർ 42 സെൻറ് . |
| സി) | ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി ഉണ്ടായിട്ടും പന്തല്ലൂർ ക്ഷേത്രഭൂമി കയ്യേറിയത് തിരിച്ചുപിടിക്കാൻ നടപടിയെടുക്കാത്തതിൻെറ കാരണം അറിയിക്കുമോ? | സി) | ശ്രീ പന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്രസംരക്ഷണ സമിതി പ്രസിഡൻറ് ശ്രീ കെ.പി. മണികണ്ഠനും ഫയൽ ചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിൻെറ നിലവിലുള്ള സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) നം. 9391/08 ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ